# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3374 14.03.2018 – ൽ മറുപടിയ്ക്ക്

**വയോജനങ്ങളുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കൽ**

ചോദ്യം | മറുപടി
---|---
ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വിവിധ സർക്കാർ ഓഫീസുകളിൽ വയോജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയ്ക്ക് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ചട്ടങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്നറിയിക്കാമോ; | (എ) | വയോജനങ്ങൾ നല്കുന്ന അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 13) വകുപ്പിന്റെ 27/11/2017 ലെ സർക്കുലർ നമ്പർ 353/എ.ആർ 13(2) 2017/ഉ.ഭ.പ.വ. പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന വയോജനങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഇതു പ്രകാരം നൽകിയിട്ടുള്ളതാണ്. |
| (ബി) | സഹായങ്ങൾക്ക് വേണ്ടിയുള്ള ഇവരുടെ അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സഹായങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും വയോജനങ്ങളുടെ ആവശ്യങ്ങളിൻമേൽ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | വയോജനങ്ങളുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നത് നാലോ അഞ്ചോ വർഷങ്ങൾക്ക് ശേഷമാണെന്ന് ബന്ധപ്പെട്ട നിയമസഭാ സമിതി കണ്ടെത്തി-യിട്ടുള്ളതായി സർക്കാരിൽ അറിവ് ലഭിച്ചിട്ടുണ്ടോ; | (സി) | വയോജനങ്ങളുടെ അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുന്നത് നാലോ അഞ്ചോ വർഷങ്ങൾക്ക് ശേഷമാണെന്ന് ബന്ധപ്പെട്ട നിയമസഭാ സമിതി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇവരുടെ ചികിത്സ സഹായവുമായി ബന്ധപ്പെട്ട | (ഡി) | വയോധികരുടെ ചികിത്സാ സഹായവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ ആവശ്യമായ |

| | | | |
|---|---|---|---|
| | ഹർജികളിൽ കാലതാമസം കൂടാതെ അർഹമായ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | | നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | ധനസഹായത്തിനപേക്ഷിക്കുന്ന വയോജനങ്ങൾ ധനസഹായമെത്തുന്നതിന് മുമ്പ് മരണപ്പെട്ടാൽ പ്രസ്തുത തുക ആശ്രിതർക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | വകുപ്പ് തലത്തിൽ വ്യക്തിഗതമായി ധന സഹായം നേരിട്ട് നൽകുന്ന പദ്ധതികൾ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**